# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 856 — 30/6/2015 -ൽ മറുപടിക്ക്

## അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) റാന്നി നിയോജകമണ്ഡലത്തിലെ അയിരൂർ-കാഞ്ഞീറ്റുകര പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത് ; എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; | (എ) അയിരൂർ-കാഞ്ഞീറ്റുകര ശുദ്ധജല വിതരണ പദ്ധതി 20/6/2014-ൽ നിർമ്മാണം ആരംഭിച്ചു. പ്രസ്തുത പദ്ധതിക്ക് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) ആദ്യഘട്ട നിർമ്മാണത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്; | (ബി) ആദ്യഘട്ടത്തിൽ ഇൻടേക്ക് കിണർ, 5 എം.എൽ.ഡി കപ്പാസിറ്റി ജലശുദ്ധീകരണ ശാല, ജലശുദ്ധീകരണ ശാലയിൽ നിന്നും കാഞ്ഞീറ്റുകര ടാങ്കുവരെ 200 എം.എം ഡി.ഐ ഗ്രാവിറ്റി ലെയിൻ, 300 എം.എം റാ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാല മുതൽ തേക്കുംകൽ ടാങ്ക് വരെ 200 എം.എം ഡി.ഐ ഗ്രാവിറ്റി ലെയിൻ, റാ വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.<br>ഇപ്പോൾ ഇൻടേക്ക് കിണർ, ജലശുദ്ധീകരണശാല എന്നിവയുടെ പണികൾ നടന്നുവരുന്നു. |
| (സി) ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ; കരാർപ്രകാരം എന്നത്തേക്ക് ഇവയുടെ നിർമ്മാണം പൂർത്തീകരിക്കും; | (സി) കിണറിന്റെയും ജലശുദ്ധീകരണശാലയുടെയും 40% പണി പൂർത്തീകരിച്ചു. കരാർ പ്രകാരം കിണറിന്റെ പണി 31/3/2016-ലും ജലശുദ്ധീകരണശാലയുടെ പണി 24/10/2015-ലും പൂർത്തിയാക്കണം. |
| (ഡി) ആകെ പ്രവൃത്തികളുടെ എത്ര ശതമാനം നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത്; | (ഡി) അയിരൂർ-കാഞ്ഞീറ്റുകര ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തികളിൽ ഉദ്ദേശം 20% പണി പൂർത്തീകരിച്ചു. |

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.857 30.06.2015-ൽ മറുപടിയ്ക്ക്**

<u>തട്ടുപാറ, പൂതുരുത്തി ചെക്ക് ഡാമുകളുടെ നിർമ്മാണം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി : | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിലെ തട്ടുപാറ, പൂതുരുത്തി ചെക്ക് ഡാമുകളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (എ)&(ബി) ചാലക്കുടി മണ്ഡലത്തിലെ പൂതുരുത്തി ചെക്ക് ഡാമിന്റെ എസ്റ്റിമേറ്റ് 2014 DSR പ്രകാരം തയ്യാറാക്കി വരുന്നു. തട്ടുപാറ തടയണയുടെ നിർമ്മാണം 37.5% പൂർത്തിയായി എന്നാൽ തുടർച്ചയായ നിർദ്ദേശങ്ങൾക്കുശേഷവും കരാറുകാരൻ ശ്രീ.പി.കെ.മോഹനൻ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതു കൊണ്ട് നഷ്ടോത്തര വാദിത്വത്തിൽ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. തട്ടുപാറ തടയണയുടെ ബാക്കി യുള്ള പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് നടപടികൾ പൂർത്തീകരി ക്കേണ്ടതായുണ്ട്. തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ക്കുന്നതാണ്. |
| (ബി) ഇവയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**